# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1044 — 21.03.2013 - ൽ മറുപടിക്ക്

## ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ് | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ തൊഴിൽ പരിശീലനത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ IEDSS (ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഓഫ് ഡിസ്ആബിൾഡ് അറ്റ് ദ സെക്കണ്ടറി സ്റ്റേജ്) പ്രകാരം ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിൽപ്പെട്ട പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം, സഹായോപകരണങ്ങൾ, തെറാപ്പി സേവനങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, ഓറിയന്റേഷൻ പ്രോഗ്രാം, റിസോഴ്സ് റൂമുകളും അതിലേക്കുള്ള ഉപകരണങ്ങളും വാസ്തുശില്പപരമായ തടസ്സങ്ങൾ നീക്കം ചെയ്യൽ, മോഡൽ ഇൻക്ലൂസീവ് സ്കൂളുകൾ എന്നീ സേവനങ്ങൾ നൽകി വരുന്നുണ്ട്. തൊഴിൽ പരിശീലനം നിലവിൽ നൽകുന്നില്ല. |

(ബി) ഇത്തരം അവസ്ഥകളെ അഭിമുഖീ കരിക്കുന്നവർക്ക് ശാസ്ത്രീയമായ പരിശീലനം ആവശ്യമാണെന്ന് കരുതുന്നുവോ; എങ്കിൽ ആയതിനുള്ള സംവിധാനമുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസം സംബന്ധിച്ച നയം വ്യക്തമാക്കുമോ?

**(ബി) & (സി)**

നിലവിൽ ഇത്തരം പരിശീലനം വിദ്യാഭ്യാസ വകുപ്പിലെ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഓഫ് ഡിസ്ആബിൾഡ് അറ്റ് ദ സെക്കണ്ടറി സ്റ്റേജ് പദ്ധതിയിൻ കീഴിൽ നൽകുന്നില്ല. സർക്കാർ ഉത്തരവ് (സാധാ)നം.4970/ 2012/പൊ.വി.വ. തീയതി.16.10.2012 പ്രകാരം ബുദ്ധി പരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ് പ്രിൻസിപ്പൽ ഡോ.എം.കെ. ജയരാജിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു. ഡോ.എം.കെ.ജയരാജ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ